**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 471** **03-11-2021 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. പി.പി. സുമോദ്** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്ലാസ്റ്റിക് റീസൈക്ലിംഗ് സാധ്യത ഉപയോഗപ്പെടുത്തി ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉറവിടത്തിൽ നിന്നും ഹരിതകർമ്മ സേനകൾ വഴി ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് മാലിന്യം പ്രാഥമികമായി തരംതിരിച്ച് മെറ്റീരിയൽ കളക്ഷൻ സെന്ററുകളിലേയ്ക്കും, അവിടെ നിന്ന് രണ്ടാമത് തരംതിരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളിലേയ്ക്കും തുടർന്ന് പുനഃചംക്രമണത്തിനായി ക്ലീൻ കേരള കമ്പനിയ്ക്കും കൈമാറി വരുന്നു. കൂടാതെ ശുചിത്വമിഷൻ അംഗീകരിച്ച ഏജൻസികൾക്കും നൽകുന്നുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖാന്തിരം പ്ലാസ്റ്റിക് റീസൈക്ലിങുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ സംവിധാനം (2 കേന്ദ്രങ്ങൾ) ഗവൺമെൻറ് ഓഫീസ് സമുച്ചയങ്ങളിൽ മാലിന്യ സംഭരണ കേന്ദ്രങ്ങൾ. ജില്ലാതല സംഭരണത്തിനും, തരംതിരിവിനും, കയ്യൊഴിയലിനുമുള്ള സംവിധാനം (14 കേന്ദ്രങ്ങൾ) 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ MCF-ൽ നിന്ന് RRF എത്തിച്ച് ഷ്രെഡ്ഡ് ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് നൽകുകയും റോഡ് ടാറിംഗിന് ഉപയോഗിക്കുയുമാണ് ചെയ്യുന്നത്. ഇത് മൂലം റോഡിലേയ്ക്കും നദികളിലേയ്ക്കും പൊതുസ്ഥലങ്ങളിലേയ്ക്കും വലിച്ചെറിയുന്ന പ്ലാസ്റ്റിക്കിന്റെ അളവ് കുറയ്ക്കാൻ കഴിയും. |
| (ബി) | പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണത്തിന്റെയും സംഭരണത്തിന്റെയും സംസ്കരണത്തിന്റെയും ചുമതല ഏത് ഏജൻസിയ്ക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേനകൾ വഴി അജൈവ മാലിന്യം ശേഖരിക്കുന്നതിനും, തദ്ദേശ സ്ഥാപനതലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള MCFകളിൽ സംഭരിക്കുയും അവിടെ നിന്നും RRF കളിൽ എത്തിക്കുകയും ആയത് പുനഃചംക്രമണത്തിനായി അതാത് തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങൾ നിയോഗിച്ചിട്ടുള്ള ഏജൻസികൾക്കും ക്ലീൻ കേരള കമ്പനിയ്ക്കും കൈമാറി വരുന്നു. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ contingent തൊഴിലാളികളിലൂടെയോ സ്വകാര്യ agencies കളിലൂടെയോ നടപ്പിലാക്കിയും വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് ഇതുവരെ ഏതൊക്കെ കേന്ദ്രങ്ങളിൽ എത്ര പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് ഇതുവരെ പതിനാലു ജില്ലകളിലായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ 67 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 69 നഗരസഭകളിലായി 75 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ഡി) | മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പ്ലാസ്റ്റിക്ക് നിരോധനം ഏർപ്പെടുത്തിയ സാഹചര്യത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ മാത്രം പ്ലാസ്റ്റിക് ഷെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ